No.CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# CAPE–ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണം രേഖകൾ സമർപ്പിക്കണം

സംസ്ഥാനത്തെ കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി), ബി.ടെക് (ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) ഒഴികെയുള്ള കോഴ്സുകളിൽ 35% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലെ 10% സീറ്റുകൾ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചുകൊണ്ട് സ.ഉ(സാധാ) നം. 344/2018/Co-op തീയതി 30.05.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേല്പറഞ്ഞ സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP-2019) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്. ഇത്തരം സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ അവർ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയോ, രജിസ്ട്രാർ ഓഫ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ മക്കളാണെന്ന് തെളിയിക്കുന്ന നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റ് 2019 **ജൂൺ 19 (ബുധനാഴ്ച) വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രൊഫോർമ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **KEAM-2019-Candidate Portal** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് **'Apply for CB-CAPE'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **pdf** ഫോർമാറ്റിലുള്ള സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത്തരം സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുമ്പോൾ ഈ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടാ സീറ്റ് ഓപ്ഷനായി നൽകേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14 .06.2019

# KEAM-2019

## PROFORMA OF CERTIFICATE TO BE FURNISHED BY CHILDREN OF EMPLOYEES OF CO-OPERATIVE DEPARTMENT & DIRECTOR BOARD MEMBERS OF CO-OPERATIVE SOCIETY/BANK/INSTITUTIONS

(*to be filled up by the Employer* )

Certified that Sri/Smt……………………………………………………………….. is presently working in my office as ………………………………………………. since …………………………… His/Her Son/daughter ……………………..…………………………………….. KEAM-2019 Application No. ……………………..…………… is eligible to be admitted against seats reserved for wards of employees working in Co-operative Sector/Institutions Kerala under Registrar of Co-operative Society vide GO(Rt) No. 29/2017/Co-op dated: 18.01.2017 and GO(Rt) No. 344/2018/Co-op dated 30.05.2018.

Station:
Date:

Signature :
Name :
Designation:

Office Seal